**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037** **09-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാനുള്ള സർക്കാരിന്റെ ഏക ഏജൻസിയായി മെഡിക്കൽ സർവീസസ് കോർപറേഷനെ തെരെഞ്ഞെടുത്ത ശേഷവും സാമൂഹ്യസുരക്ഷാ മിഷൻ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ; | (എ) | **20.03.2020- ന് ശേഷം കോവിഡ് രോഗ ബാധയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ സാനിറ്റൈസറിനും, മാസ്കുകൾക്കും ദൗർലഭ്യം നേരിട്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് എൻ - 95 മാസ്ക്, സാനിറ്റൈസർ, 3 ലെയർ മാസ്ക്, Hand rub Solution ഉടങ്ങിയ സാധനങ്ങൾ കെ.എം.എസ്.സി.എൽ - നിന്നും അല്ലാതെ മറ്റ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. ക്ലോത്ത് മാസ്ക് ജയിൽ വകുപ്പ് മുഖേന നിർമ്മിക്കുകയും, സാനിറ്റൈസർ കെ.എസ്.ഡി.പി വുമൺ ആന്റ് ചൈൽഡ് ഡിപ്പാർട്ട്മെന്റ് എക്സൈസ്, ജയിൽ എന്നീ വകുപ്പുകൾ മുഖേന നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്** |
| (ബി) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ സാമഗ്രികൾ വാങ്ങിയത് ടെൻഡർ നടപടി പാലിച്ചാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | **കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പർച്ചേസുകളുടെ ലഭ്യമായ ഫയലുകളുടെ പരിശോധനയിൽ ക്വട്ടേഷനുകൾ, ടെൻഡറുകൾ എന്നിവ പ്രകാരം പർച്ചേസുകൾ നടത്തിയിട്ടുള്ളതായി കാണുന്നുവെങ്കിലും കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങളുടെ അടിയന്തിര സാഹചര്യത്തിൽ സ്റ്റോർ പർച്ചേയ്സ് മാനുവൽ വ്യവസ്ഥകൾ പ്രകാരമല്ലാതെയും സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.** |
| (സി) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ സാമഗ്രികൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമാണോ എന്ന് വ്യക്തമാക്കുമോ? | (സി) | **കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പർച്ചേസുകളുടെ ലഭ്യമായ ഫയലുകളുടെ പരിശോധനയിൽ ക്വട്ടേഷനുകൾ, ടെൻഡറുകൾ എന്നിവ പ്രകാരം പർച്ചേസുകൾ നടത്തിയിട്ടുള്ളതായി കാണുന്നുവെങ്കിലും കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങളുടെ അടിയന്തിര സാഹചര്യത്തിൽ സ്റ്റോർ പർച്ചേയ്സ് മാനുവൽ വ്യവസ്ഥകൾ പ്രകാരമല്ലാതെയും സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ